മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മലയാളഭാഷാനിഘണ്ടു തയ്യാറാക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ശ്രീ. പി. എൻ. കുഞ്ഞൻപിള്ളയാണ് നിഘണ്ടു നിർമ്മാണത്തിനായി നിയോഗിച്ചിട്ടുള്ളത്. അദ്ദേഹത്തിനു അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിൽ 450–50–750 രൂ. ആണ്. അദ്ദേഹത്തെ നിയമിച്ചതു 8–7–1953 മുതലാണ്.

(സി) ഉദ്ദേശം (60000) അറുപതിനായിരം ഉറുപ്പിക ചെലവായിട്ടുണ്ട്. ജോലി തൃപ്തികരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതി പ്ലാൻ ചെയ്തിട്ടുള്ള പണികൾ.

* 293. [64] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി തിരുവിതാംകൂർ–കൊച്ചിയിൽ പ്ലാൻ ചെയ്തിട്ടുള്ള പണികൾ, ഈ കാലഘട്ടത്തിനുള്ളിൽതന്നെ ചെയ്തുതീർക്കുന്നതിനു് എന്തൊക്കെ നടപടികളാണ് ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു് ;

(ബി) ഏപ്രിൽ, മേയ്, ജൂൺ ഈ മൂന്നു മാസങ്ങളിലെ പ്രവൃത്തനങ്ങൾ കണക്കിലെടുത്തുനോക്കിയിട്ടു് ജോലികൾതൃപ്തികരമായി പുരോഗമിക്കുന്നുണ്ടെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ ;

(സി) ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള ജോലികളുടെ എത്ര ശതമാനം ഈ കാലഘട്ടത്തിനുള്ളിൽ പൂർത്തീകരിക്കപ്പെട്ടുവെന്നാണ് ഗവണ്മെൻറ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ബഡ്ജറിൽ അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കി ഈയാണ്ടിൽതന്നെ പദ്ധതി പൂർത്തിയാക്കണമെന്നു് ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർക്കു് ഗവണ്മെൻറിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അവർക്കു് അതിലുള്ള ക്രമതല വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടു്.

(പ്രസ്തുത മാസങ്ങളിലെ പ്രവൃത്തനങ്ങളെ മാത്രം ആസ്പദമാക്കിയല്ല ഇപ്രകാരം ബോദ്ധ്യമുണ്ടായിട്ടുള്ളതു്.)

(സി) 65.39 ശതമാനം.

(1954–55, അവസാനംവരെ)

പേ കമ്മിഷൻ.

* 294. [65] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പേ കമ്മിഷൻ പ്രവൃത്തനം തുടങ്ങിയതിനുശേഷം ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly